## ജാമിഅ: മർകസ് അഫിലിയേഷൻ

# സംശയങ്ങളും
# മറുപടികളും

## ജാമിഅ: മർകസ് അഫിലിയേഷൻ: സംശയങ്ങളും മറുപടികളും (FAQ)

**1. മർകസ് ഇന്റഗ്രേറ്റഡ് സ്റ്റഡീസ് കൗൺസിൽ**

ജാമിഅ മർകസ് നേരിട്ട് നടത്തുന്നതും അക്കാദമിക് സഹകരണത്തിലൂടെ പ്രവർത്തിക്കുന്നതുമായ വിവിധ സ്ഥാപനങ്ങളെയും ദർസുകളെയും ഏകോപിപ്പിച്ച് വിദ്യാർഥികൾക്ക് സമഗ്രവും ഏകീകൃതവുമായ പഠന സംവിധാനം ഒരുക്കുന്ന സംവിധാനമാണിത്. പാഠ്യപദ്ധതി, പരീക്ഷ, അധ്യാപക പരിശീലനം എന്നിവയെല്ലാം ഇതിലൂടെ ഏകീകരിക്കപ്പെടുന്നു.

**2. ജാമിഅത്തുൽ ഹിന്ദുമായി അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് ജാമിഅ മർകസുമായി അഫിലിയേഷൻ ചെയ്യാൻ പറ്റുമോ?**

തീർച്ചയായും പറ്റും. അത്തരം സ്ഥാപനങ്ങൾക്ക് ജാമിഅ മർകസ് നിർദ്ദേശിക്കുന്ന പ്രത്യേക വിഷയങ്ങളിൽ അവസാന വർഷം പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. ജാമിഅത്തുൽ ഹിന്ദ് മാർക് ലിസ്റ്റ് പരിഗണിക്കുന്നതാണ്.

**3. ദർസുകൾക്ക് അവയുടെ തനിമ നിലനിർത്തിക്കൊണ്ട് ഇതിൽ ചേരാനാകുമോ?**

അതെ. പാരമ്പര്യ ദർസീ സിസ്റ്റം പൂർണ്ണമായും നിലനിർത്തിക്കൊണ്ടുതന്നെ പൊതുവായ അക്കാദമിക് നിലവാരം ഉറപ്പാക്കാനാണ് മർകസ് ലക്ഷ്യമിടുന്നത്. കിതാബുകൾ ഓതിക്കൊടുക്കുന്ന രീതിയിൽ മാറ്റം വരുത്താതെ തന്നെ ആധുനികമായ മൂല്യനിർണ്ണയ രീതികൾ ഇതിലൂടെ നടപ്പിലാക്കാം.

**4. ജാമിഅ മർകസുമായി അഫിലിയേഷൻ ചെയ്താൽ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പ്രധാന നേട്ടങ്ങൾ എന്തൊക്കെയാണ്?**

- ജാമിഅ മർകസ് മുത്വവ്വലിലേക്ക് എൻട്രൻസ് എക്സാം ഇല്ലാതെ പ്രവേശനം സാധ്യമാകുന്നു.
- ജാമിഅ മർകസിന്റെ അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനാൽ വിദ്യാർഥികൾക്ക് അസ്ഹർ പോലെയുള്ള യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിന് അവസരങ്ങൾ വർധിക്കുന്നു.
- ജാമിഅ മർകസിന്റെ ഏകീകൃത പാഠ്യപദ്ധതിയും നിലവാര നിയന്ത്രണവും ദർസുകളിൽ ഉറപ്പാക്കാൻ കഴിയുന്നു.
- ജാമിഅ മർകസിന്റെ അഫിലിയേഷൻ മൂലം പ്രാദേശിക ദർസുകൾക്ക് കൂടുതൽ അംഗീകാരവും പ്രശസ്തിയും നേടാൻ കഴിയുന്നു.
- ജാമിഅ മർകസിന് കീഴിൽ നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കാനും നൂതന അധ്യാപന രീതികൾ പഠിക്കാനും അവസരം ലഭിക്കുന്നു.
- കേന്ദ്രീകൃത പരീക്ഷാ സംവിധാനവും മൂല്യനിർണ്ണയ രീതികളും നടപ്പിലാക്കാൻ കഴിയുന്നു.
- പാരമ്പര്യ ദർസി സിസ്റ്റം നിലനിർത്തിക്കൊണ്ടുതന്നെ പൊതുവായ അക്കാദമിക നിലവാരം ഉറപ്പാക്കാൻ കഴിയുന്നു.
- മറ്റ് അഫിലിയേറ്റഡ് ദർസുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും അക്കാദമിക് ഫെസ്റ്റ് പോലെയുള്ള പ്രോഗ്രാമുകൾക്ക് അവസരം ലഭിക്കുകയും ചെയ്യുന്നു.

- ജാമിഅ മർകസിന്റെ അംഗീകാരം ലഭിക്കുന്നതോടെ കൂടുതൽ വിദ്യാർഥികളെ ആകർഷിക്കാൻ കഴിയുകയും അതിലൂടെ വിദ്യാർഥികളുടെ എണ്ണം വർധിക്കുകയും ചെയ്യുന്നു.
- ദർസുകളുടെ സാമൂഹിക സ്വീകാര്യത വർധിക്കുകയും പ്രാദേശിക സമൂഹത്തിന്റെ കൂടുതൽ പിന്തുണ ലഭിക്കുകയും ചെയ്യുന്നു.
- നിശ്ചിത ഇടവേളകളിൽ ശൈഖുനാ സുൽത്വാനുൽ ഉലമ അടക്കമുള്ള ജാമിഅ മർകസിലെ ഉസ്താദുമാർ നേതൃത്വത്തിൽ പഠന ക്ലാസുകൾ ലഭിക്കുന്നു.
- കോൺഫറൻസുകളിൽ പേപ്പർ പ്രസന്റേഷൻ, സെമിനാർ പോലെയുള്ളവയിൽ പങ്കെടുക്കാൻ പരിശീലനവും അവസരവും ലഭിക്കുന്നു.
- യുജിസി അംഗീകാരമുള്ള യൂണിവേഴ്സിറ്റികളിൽ ഓൺലൈൻ വഴി ഡിഗ്രി ചെയ്യാൻ അവസരം.
- ജാമിഅ മർകസിലെ വ്യത്യസ്ത കുല്ലിയ്യകളിലേക്ക് ചേർക്കാൻ വിദ്യാർഥികളെ പ്രാപ്തമാക്കുന്നു.
- നിശ്ചിത യോഗ്യത നേടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നു.
- അഫിലിയേറ്റഡ് ക്യാമ്പസുകളിൽ നിന്നുള്ള വിദ്യാർഥികളുടെ സംയുക്ത സ്റ്റഡി ടൂർ.
- സബ്ജക്ട് എക്സ്പേർട്ടുകളുടെ സ്പെഷ്യൽ ഗൈഡൻസ് ലഭിക്കുന്നു.
- ക്യാമ്പസ് മാഗസിനുകളിൽ വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നു.

**5. സിലബസിന് പുറമെയുള്ള മറ്റ് പരിശീലനങ്ങൾ എന്തൊക്കെയാണ്?**

- ജാമിഅ മർകസിന്റെ കോ-കരിക്കുലം പ്ലാൻ ലഭ്യമാക്കുന്നു.
- ഭാഷാ പഠനങ്ങൾക്കും കംപ്യൂട്ടർ പഠനങ്ങൾക്കും കൃത്യമായ മാർഗരേഖ ലഭിക്കുന്നു.
- വിവിധ വിഷയങ്ങളിൽ ജാമിഅ മർകസിൽ വെച്ച് നടക്കുന്ന ക്യാമ്പുകളിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുന്നു.

**6. അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ടോ?**

അതെ. വർഷത്തിൽ നിശ്ചിത ഘട്ടങ്ങളിലായി ഫാക്കൽറ്റി ട്രെയിനിംഗ് നൽകുന്നു. പാരമ്പര്യ കിതാബുകൾ പുതിയ കാലത്തെ വിദ്യാർഥികൾക്ക് എങ്ങനെ ലളിതമായി പഠിപ്പിക്കാം, സൈക്കോളജിക്കൽ സമീപനങ്ങൾ എങ്ങനെ സ്വീകരിക്കാം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നൽകും.

**7. ഏതൊക്കെ കോഴ്സുകളിലേക്കാണ് അഫിലിയേഷൻ നൽകുന്നത്?**

പ്രധാനമായും മൂന്ന് ബാച്ചുകളിലായാണ് പ്രവേശനം

- **ബാച്ച് 1**: 8-ാം ക്ലാസ് മുതൽ (3+3+4 രീതി).
- **ബാച്ച് 2** (ജനറൽ): +1 മുതൽ (2+3+4 രീതി).
- **ബാച്ച് 3** (ഹിഫ്സ്): +1 മുതൽ (2+3+4 രീതി).





**8. ഒരു അക്കാദമിക് വർഷം എങ്ങനെയാണ് കണക്കാക്കുന്നത്?**

സാധാരണയായി ശവ്വാൽ മുതൽ ശഅ്ബാൻ വരെയാണ് അക്കാദമിക് വർഷം. ആദ്യ വർഷ വിദ്യാർഥികൾക്ക് ഏപ്രിൽ 15 മുതൽ അക്കാദമിക് ഇയർ ആരംഭിക്കുന്നതാണ്. പുതിയ വിദ്യാർഥികൾക്ക് ഒരു വർഷം ചുരുങ്ങിയത് 6 മാസമെങ്കിലും പഠനസമയം ലഭിച്ചാൽ മാത്രമേ അത് പൂർണ്ണ അക്കാദമിക് വർഷമായി പരിഗണിക്കുകയുള്ളൂ.

### 9. പരീക്ഷാ രീതിയും സിലബസ് ക്രമീകരണവും എങ്ങനെയാണ്?

- സിലബസിനെ കോർ (Core), ഇലക്ടീവ് (Elective) എന്നിങ്ങനെ തിരിച്ചിരിക്കുന്നു.
- കോർ, ഇലക്ടീവ് എന്നീ രണ്ട് സബ്ജക്ടുകളിലും പരീക്ഷ നടക്കുന്നതാണ്.
- രണ്ട് സബ്ജക്ടുകളിലുമുള്ള പരീക്ഷ എഴുതിയാൽ മാത്രമേ റാങ്കിന് അർഹരാവുകയുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പ്, ക്യാമ്പസ് ഗ്രേഡിംഗ് തുടങ്ങിയവ പരിഗണിക്കുക.
- കോർ വിഷയങ്ങളിലുള്ള പരീക്ഷകളാണ് ക്ലാസ് കയറ്റത്തിന് പരിഗണിക്കുക.

### 10. അവധി നൽകുന്നതിൽ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടോ?

ഉണ്ട്. അക്കാദമിക് കലണ്ടറിൽ നിർദ്ദേശിച്ചിട്ടുള്ള വർക്കിംഗ് ഡേയ്സ് കുറയാത്ത രീതിയിൽ അതത് സ്ഥാപനങ്ങൾക്ക് അവധികൾ തീരുമാനിക്കാവുന്നതാണ്. എന്നാൽ കേന്ദ്രീകൃത പരീക്ഷാ തിയതികളിൽ മാറ്റം വരുത്താൻ സാധിക്കില്ല.

### 11. അഫിലിയേഷൻ ചെയ്യാൻ നിശ്ചിത എണ്ണം കുട്ടികൾ വേണമെന്ന് നിർബന്ധമുണ്ടോ?

ഇല്ല. കുട്ടികളുടെ എണ്ണത്തേക്കാൾ ഉപരി, ജാമിഅ: മർകസ് നിർദ്ദേശിക്കുന്ന അക്കാദമിക് കലണ്ടറും മാനദണ്ഡങ്ങളും പാലിക്കാൻ സ്ഥാപനം സന്നദ്ധമായിരിക്കണം എന്നതാണ് പ്രധാനം.

**6. അഫിലിയേഷൻ നടപടികൾ എന്തൊക്കെയാണ്?**

താൽപ്പര്യമുള്ള സ്ഥാപനങ്ങൾ മർകസ് ഇൻ്റഗ്രേറ്റഡ് സ്റ്റഡീസ് കൗൺസിൽ വെബ്സൈറ്റ് വഴി അപേക്ഷ നൽകണം. സ്ഥാപനത്തിലെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും പരിശോധിച്ച ശേഷം നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ച് അഫിലിയേഷൻ അനുവദിക്കും.